**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- ജീവനക്കാര്യം- നഗരകാര്യ വകുപ്പ്- തിരുവനന്തപുരം നഗരസഭയിൽ ക്ലർക്കായ ശ്രീ.അൻവർ സാദത്ത് ജെ.ജെ.യുടെ ചികിത്സാചെലവ് റീ ഇംബേഴ്സ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം. 525/2019/തസ്വഭവ. തീയതി, തിരുവനന്തപുരം, 05.03.2019

പരാമർശം :

1. തിരുവനന്തപുരം നഗരസഭയിൽ ക്ലർക്കായ ശ്രീ.അൻവർ സാദത്ത് ജെ.ജെ.യുടെ 24.09.2016 തീയതിയിലെ മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് അപേക്ഷ.
2. നഗരകാര്യഡയറക്ടറുടെ 07.11.2018 തീയതിയിലെ ഡി.സി.1-10718/2017 നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം നഗരസഭയിൽ ക്ലർക്കായ ശ്രീ.അൻവർ സാദത്ത് ജെ.ജെ.ക്ക് പാൻക്രിയാസ് സംബന്ധമായ അസുഖത്തിന് തിരുവനന്തപുരം കിംസ് ആശുപത്രിയിൽ ചികിത്സ നടത്തിയതിന് ചെലവായ തുക റീ ഇംബേഴ്സ്മെന്റായി അനുവദിക്കുന്നതിനുള്ള ടിയാളുടെ പരാമർശം 1 പ്രകാരമുള്ള അപേക്ഷ, സർക്കാരിന്റെ പ്രത്യേകാനുമതിക്ക് ശുപാർശ ചെയ്ത് പരാമർശം 2 പ്രകാരം നഗരകാര്യ ഡയറക്ടർ സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിൻപ്രകാരം തിരുവനന്തപുരം നഗരസഭയിൽ ക്ലർക്കായ ശ്രീ. അൻവർ സാദത്ത് ജെ.ജെ.ക്ക് പാൻക്രിയാസ് സംബന്ധമായ അസുഖത്തിന് തിരുവനന്തപുരം കിംസ് ആശുപത്രിയിൽ നടത്തിയ ചികിത്സയ്ക്ക് ചെലവായ തുകയിൽ ആരോഗ്യവകുപ്പ് ഡയറക്ടർ സാക്ഷ്യപ്പെടുത്തിയിട്ടുള്ള 2,39,100/- രൂപയുടെ 80% തുകയായ 1,91,280/-രൂപ(ഒരു ലക്ഷത്തി തൊണ്ണൂറ്റി യൊന്നായിരത്തി ഇരുനൂറ്റിയെമ്പത് രൂപ) റീ ഇമ്പേഴ്സ്മെന്റ് ആയി അനുവദിക്കുന്നതിന് നഗരകാര്യ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)
**എസ് മോഹൻദാസ്**
അഡിഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം(മെഡിക്കൽ ബില്ലുകൾ ഉൾപ്പെടെ)
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
സെക്രട്ടറി, കൊല്ലം നഗരസഭ(നഗരകാര്യ ഡയറക്ടർ മുഖേന)
ശ്രീ.അൻവർ സാദത്ത് ജെ.ജെ., ക്ലർക്ക്, തിരുവനന്തപുരം നഗരസഭ (നഗരകാര്യഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ